SUNDAY 02/11/2025 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**Government of Kerala**

Chief Editor: SINDHU. KS Editor: Dr. V. Krishnadas

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 02/11/2025

1. ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ഓരോ കൃഷിയിടത്തെയും വിളകളെ പറ്റി സർവ്വേ നടത്തുന്ന പ്രവർത്തനമായ ഡിജിറ്റൽ ക്രോപ് സർവ്വേ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് കേരളമൊട്ടാകെ നടപ്പാക്കുന്നു. ഇതിനായി തിരഞ്ഞെടുക്കപ്പെട്ട ക്രോപ് സർവ്വേയർമാർ അവർക്ക് അലോട്ട് ചെയ്ത സർവ്വേ പ്ലോട്ടുകൾ നേരിട്ട് സന്ദർശിച്ച ഓരോ ഭൂ ഉടമയുടെയും കൃഷി വിവരങ്ങൾ രേഖപ്പെടുത്തുകയും വിളകളുടെ ഫോട്ടോ എടുക്കുകയും ചെയ്യുന്നു. ഓരോ സർവ്വേ നമ്പറിലും ഉള്ള ഭൂമി കൃഷി ഭൂമിയാണോ, തരിശു ഭൂമി ആണോ കാർഷികേതര ഭൂമി ആണോ, ഏതെല്ലാം വിളകൾ കൃഷി ചെയ്യുന്നു, തുടങ്ങിയ വിവരങ്ങൾ ശേഖരിക്കുന്നു. ഏകവർഷ വിളകളുടെ വിത തീയതി, ജലസേചന രീതി എന്നിവയും മൊബൈൽ ആപ്പ് ഉപയോഗിച്ച് ശേഖരിക്കുന്നു. ജിയോഫെൻസിങ് സാങ്കേതിക വിദ്യ ഉപയോഗിച്ചാണ് സർവ്വേ നടപ്പാക്കുന്നത് എന്നതിനാൽ അതതു സർവ്വേ പ്ലോട്ടുകളിൽ നിന്നുകൊണ്ട് മാത്രമേ വിവരങ്ങൾ മൊബൈൽ ആപ്പ് വഴി രേഖപ്പെടുത്താൻ സാധിക്കുകയുള്ളൂ. അതോടൊപ്പം കാർഷിക

ff¯



വിളകളുടെ ജിയോ ടാഗ് ചെയ്ത ഫോട്ടോഗ്രാഫ് അവയുടെ കൃത്യമായ സ്ഥാന നിർണയം നടത്തുന്നതിനും ശേഖരിക്കുന്നു. ഒരു വർഷത്തിൽ ഖാരിഫ്, റാബി എന്നിങ്ങനെ രണ്ട് സീസണുകളിലാണ് സർവ്വേ നടത്തുന്നത്.

2. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ 2015 സെപ്റ്റംബർ 12 മുതൽ 2025 സെപ്റ്റംബർ 11 വരെയുള്ള 10 വർഷ കാലപരിധിയ്ക്കുള്ളിൽ അംശാദായം 24 മാസത്തിലധികം കുടിശ്ശിക വരുത്തി അംഗത്വം നഷ്ടപ്പെട്ട തൊഴിലാളികൾക്ക് അംശദായ കുടിശ്ശിക പിഴ സഹിതം അടച്ച് അംഗത്വം പുനഃസ്ഥാപിക്കാം. ഡിസംബർ 10 നകം കുടിശിക അടയ്ക്കണം. ഇതിനകം 60 വയസ്സ് പൂർത്തിയാക്കിയ തൊഴിലാളികൾക്ക് കുടിശ്ശിക അടക്കുന്നതിനും അംഗത്വം പുനഃസ്ഥാപിക്കുന്നതിനും അവസരം ഉണ്ടായിരിക്കില്ല എന്ന് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. വിശദവിവരങ്ങൾക്ക് ഫോൺ നമ്പർ 0471-2729175.

3. അസംഘടിത മേഖലയിലെ റബ്ബർതോട്ടം തൊഴിലാളികൾക്കായി റബ്ബർബോർഡ് ഒരു ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നു. റബ്ബർ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ടാപ്പർമാർ, റബ്ബറുത്പാദക സംഘങ്ങളിലെ സമൂഹ സംസ്കരണ ശാലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾ, ഒരു ഹെക്ടർ വരെ വിസ്തൃതിയുള്ള സ്വന്തം റബ്ബർതോട്ടത്തിൽ റെയിൻഗാർഡ് ചെയ്ത നൂറ് മരങ്ങളിലെങ്കിലും സ്വയം ടാപ്പിങ് നടത്തുന്ന കർഷകർ എന്നിവർക്ക് ഈ പദ്ധതിയിൽ ചേരാം. അപേക്ഷകർ 18-നും 59-നും ഇടയിൽ പ്രായമുള്ളവരും കുറഞ്ഞത് ഒരു വർഷമായി ജോലിയിൽ തുടരുന്നവരും ആയിരിക്കണം. പദ്ധതിയിൽ തുടരുന്ന ഗുണഭോക്താക്കൾക്ക് 60 വയസ്സ് വരെ സ്വാഭാവിക മരണം സംഭവിച്ചാൽ ഒരു ലക്ഷം രൂപയുടെയും അപകടമരണമോ വന്യമൃഗങ്ങളുടെ ആക്രമണം മൂലമുള്ള മരണമോ സംഭവിച്ചാൽ അഞ്ച് ലക്ഷം രൂപയുടെയും അപകടം മൂലം പൂർണ അംഗവൈകല്യം സംഭവിച്ചാൽ രണ്ട് മുതൽ നാല് വരെ ലക്ഷം രൂപയുടെയും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും. 60 വയസ്സ് കഴിഞ്ഞ ഗുണഭോക്താക്കൾക്ക് അപകടമരണമോ വന്യമൃഗ ആക്രമണം മൂലമുള്ള മരണമോ സംഭവിച്ചാൽ നാല് ലക്ഷം രൂപയുടെയും അപകടം മൂലം പൂർണ അംഗവൈകല്യം സംഭവിച്ചാൽ രണ്ട് മുതൽ നാല് വരെ ലക്ഷം രൂപയുടെയും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും. ഓരോ വർഷവും

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പ്രീമിയം തുക അടച്ച് 70 വയസ്സ് വരെ പദ്ധതി പുതുക്കാവുന്നതാണ്. എന്നാൽ, 60 വയസ്സിനുശേഷം അംഗങ്ങൾക്ക് ആവശ്യമെങ്കിൽ പദ്ധതിയിൽ നിന്നും പിന്മാറാവുന്നതാണ്. ഇത്തരക്കാർക്ക് പദ്ധതിക്കാലയളവിൽ അടച്ച മൊത്തം പ്രീമിയം തുകയ്ക്ക് ആനുപാതികമായി ഒരു തുക ടെർമിനൽ ആനുകൂല്യമായി ഇൻഷ്വറൻസ് കമ്പനിയിൽ നിന്ന് ലഭിക്കും. ഗുണഭോക്താവ് അടയ്ക്കേണ്ട ഏറ്റവും കുറഞ്ഞ പ്രീമിയം തുക 300 രൂപയാണ്. ഓരോ ഗുണഭോക്താവിനും വേണ്ടി 900 രൂപ വീതം റബ്ബർബോർഡിന്റെ വിഹിതമായി ഇൻഷ്വറൻസ് കമ്പനിയിൽ അടയ്ക്കും. പദ്ധതിയിൽ ചേരാനുള്ള അവസാന **തീയതി 2025 ഡിസംബർ 10 ആണ്.** കൂടുതൽ വിവരങ്ങൾക്ക് റബ്ബർബോർഡിന്റെ റീജിയണൽ ഓഫീസുകളുമായോ കോട്ടയത്തെ കേന്ദ്ര ഓഫീസിലെ തൊഴിലാളിക്ഷേമ വിഭാഗവുമായോ ബന്ധപ്പെടാവുന്നതാണ്. ഫോൺ –0481 2301231 (എക്സ്റ്റൻഷൻ –336)

## പരിശീലന പരിപാടി

4. കേരള ഫിഷറീസ് സർവകലാശാലയിൽ രണ്ട് ദിവസത്തെ **ഞണ്ട് കൃഷി പരിശീലന പരിപാടി** നവംബർ 8 & 9 തീയതികളിൽ കേരള

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സർവകലാശാലയിലും മത്സ്യ സേവന കേന്ദ്രത്തിലുമായി നടക്കുന്നു. വിശദ വിവരങ്ങൾക്ക് വാട്സാപ്പ് നമ്പർ 9544553253.

5. ക്ഷീരവികസന വകുപ്പിന്റെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2025 നവംബർ 10 മുതൽ 14 വരെ **"ശാസ്ത്രീയമായ പശുപരിപാലനം"** എന്ന വിഷയത്തിൽ പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 20/- രൂപ. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഓരോ ദിവസവും 150/- രൂപ ദിനബത്തയും, ആകെ 100/- രൂപ യാത്രാബത്തയും നൽകുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ പരിശീലനത്തിനെത്തുമ്പോൾ ആധാർ കാർഡിൻ്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ 2025 നവംബർ 7- ാം തീയതി വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ ബുക്ക് ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നം : 0471 – 2440911. മേൽവിലാസം- ക്ഷീരപരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പാലസ്.പി.ഒ., തിരുവനന്തപുരം – 695004. ഇമെയിൽ principaldtctvm@gmail.com

**6. കാർഷിക നിർദേശം**

പുഴുവില്ലാത്ത മാമ്പഴം ലഭിക്കുന്നതിന് കായീച്ചയ്ക്കെതിരെ ഫെറമോൺകെണി വയ്ക്കുന്നത് നല്ലതാണ്. മാവ് പൂത്ത് കായ് പിടിച്ചു തുടങ്ങുന്ന സമയത്ത് കെണി വയ്ക്കണം. ഒരു കെണി ഉപയോഗിച്ച് 3 മാസത്തോളം ആൺ ഈച്ചകളെ ആകർഷിച്ച് നശിപ്പിക്കാൻ കഴിയും. ഇതോടൊപ്പം പാളയൻകോടൻ പഴം/ തുളസിയില തുടങ്ങിയവ ഉപയോഗിച്ചുള്ള ചിരട്ട കെണികളും കെട്ടിത്തൂക്കുന്നത് കൂടുതൽ ഗുണം ചെയ്യും. ചിരട്ട കെണികൾ രണ്ടാഴ്ചയിൽ ഒരിക്കൽ മാറ്റേണ്ടതാണ്. ഒരേക്കർ മാവിൻ തോട്ടത്തിന് 5 അല്ലെങ്കിൽ ഒരു പുരയിടത്തിന് ഒന്ന് എന്ന ക്രമത്തിൽ കെണികൾ വെച്ചു കൊടുക്കേണ്ടതാണ്. ഒരു സീസൺ (3-4 മാസം) മുഴുവൻ ഈ കായീച്ചക്കെണി ഫലപ്രദമായിരിക്കും.